بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

**ജുമുഅഃ ഖുത്വ്ബ**

**സംഗ്രഹം**

**06-03-2026**

# യുദ്ധ സാഹചര്യത്തിൽ മുസ്‌ലിം ലോകത്തിനായി പ്രത്യേകം ദുആ ചെയ്യുക

സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽ ഖാമിസ് (അയ്യദഹുല്ലാഹ്..) യു.കെ യിലെ മസ്ജിദ് മുബാറക്കിൽ വച്ച് നിർവഹിച്ചത്

اَشۡهَدُ اَنۡ لَّاۤ اِلٰهَ اِلَّا اللّٰهُ وَحۡدَهٗ لَا شَرِيۡكَ لَهٗ وَاَشۡهَدُ اَنَّ مُحَمَّدًا عَبۡدُهٗ وَرَسُوۡلُهٗ

اَمَّا بَعۡدُ فَاَعُوۡذُ بِاللّٰهِ مِنَ الشَّيۡطٰنِ الرَّجِيۡمِ - بِسۡمِ اللّٰهِ الرَّحۡمٰنِ الرَّحِيۡمِ -

اَلۡحَمۡدُ لِلّٰهِ رَبِّ الۡعٰلَمِيۡنَ ○ الرَّحۡمٰنِ الرَّحِيۡمِ ○ مٰلِكِ يَوۡمِ الدِّيۡنِ ○ اِيَّاكَ نَعۡبُدُ وَاِيَّاكَ نَسۡتَعِيۡنُ ○

اِهۡدِنَا الصِّرَاطَ الۡمُسۡتَقِيۡمَ ○ صِرَاطَ الَّذِيۡنَ اَنۡعَمۡتَ عَلَيۡهِمۡ ۙ غَيۡرِ الۡمَغۡضُوۡبِ عَلَيۡهِمۡ وَلَا الضَّآلِّيۡنَ ○

തശഹ്ഹുദ്, തഅവ്വുദ്, തസ്മിയ, സൂറഃ ഫാതിഹ എന്നിവയുടെ പാരായണത്തിന് ശേഷം ഹദ്റത്ത് അമീറുൽ മുഅ്മിനീൻ (അയ്യദഹുല്ലാഹു) പ്രതിപാദിച്ചു:

നബി തിരുമേനി(സ) കൊണ്ടുവന്ന സന്ദേശത്തിന്റെ ലക്ഷ്യം ഏകനും നിസ്തുലനുമായ ദൈവത്തിൽ വിശ്വസിക്കുക, അവനെ ആരാധിക്കുക, അവന്റെ തൗഹീദ് സ്ഥാപിക്കുക, അതിനായി പരിശ്രമിക്കുക, അവന്റെദാസന്മാരുടെ അവകാശങ്ങൾ നിറവേറ്റുക, തുടർന്ന്ഒരൊറ്റ ഉമ്മത്തായി പരസ്പരം ഏകോദരസോദരങ്ങളായി കഴിയുക എന്നതായിരുന്നു. എന്നാൽ ഇന്ന് ഈ അവകാശവാദങ്ങൾക്കിടയിലും നാം ഒരേ കലിമ ചൊല്ലുന്നവരും ലാ ഇലാഹ ഇല്ലല്ലാഹു മുഹമ്മദുർ റസൂലുല്ലാഹിൽ വിശ്വസിക്കുന്നവരുമാണെങ്കിലും നമ്മുടെ ഇടയിൽ ഛിദ്രതയുണ്ട്. ഐക്യമില്ല. നമ്മുടെ പ്രവൃത്തികൾ നാം അവകാശപ്പെടുന്ന അധ്യാപനങ്ങൾക്ക് അനുസരിച്ചല്ല. അതിന്റെ ഫലമായി മുസ്ലിം ലോകത്തിന്റെ ഇന്നത്തെഅവസ്ഥയെക്കുറിച്ച് നമ്മൾചിന്തിക്കുകയാണെങ്കിൽ അത് അങ്ങേയറ്റം ആശങ്കാജനകമാണ്. ചില ഇസ്ലാമിക രാജ്യങ്ങളുടെ പക്കൽ പ്രകൃതിവിഭവങ്ങളും സമ്പത്തുമുണ്ടെങ്കിലും ലോകശക്തികൾക്ക് മുന്നിൽ അവർക്ക് യാതൊരു സ്ഥാനവുമില്ല. ദീനിന്റെ പുരോഗതിക്കായി അവർക്ക് പ്രത്യേകമായൊരു ഭാഗധേയവുമില്ല. വേണ്ടവിധം ഇസ്ലാമിക അധ്യാപനങ്ങൾക്കനുസരിച്ചുള്ള പരിശ്രമവും അവരിൽ കാണുന്നില്ല. ഇതിന്റെ ഫലം തികച്ചും വ്യക്തമാണ്, മറ്റുള്ളവർ ഈ സാഹചര്യം മുതലെടുക്കുന്നു.

അതിനാൽ മുസ്ലിം സർക്കാരുകളും രാഷ്ട്രീയക്കാരും ഭരണാധികാരികളും തങ്ങളുടെ വ്യക്തിപരമായ താത്പര്യങ്ങൾ സംരക്ഷിക്കുന്നതിന് പകരം ഒരു മുസ്ലിം ഉമ്മത്ത് എന്ന നിലയിൽ ഒന്നാകാൻ ശ്രമിക്കണം. അതിനായി നമ്മൾ പരമാവധി പരിശ്രമിക്കണം. അപ്രകാരം ചെയ്താൽ മാത്രമേ നമുക്ക് ലോകത്തിന്റെ ആക്രമണങ്ങളിൽ നിന്ന് രക്ഷപ്പെടാൻ സാധിക്കുകയുള്ളൂ. നമ്മുടെ ഉള്ളിലെ ഭിന്നതകൾ അവസാനിപ്പിക്കാൻ കഴിയുകയുള്ളൂ. ഈ കാലഘട്ടത്തിൽ അല്ലാഹു നമുക്കായി എന്തൊരു സംവിധാനമാണ് ഒരുക്കിയിട്ടുള്ളതെന്ന് നാം ചിന്തിക്കണം. ഏതു ദൈവിക സംവിധാനത്തെ പിന്തുടരുന്നതിലൂടെ മാത്രമേ നമുക്ക് ഈ കാര്യങ്ങളിൽ നിന്ന് രക്ഷപ്പെടാനും ഒരൊറ്റ ഉമ്മത്തായി മാറാനും സാധിക്കുകയുള്ളൂ എന്ന് ആലോചിക്കണം. ആ സംവിധാനമെന്നത് അല്ലാഹു മസീഹ് മൗഊദിനെ നമ്മെ ഒരൊറ്റ ഉമ്മത്തായി മാറ്റുന്നതിനായി അയച്ചതാണ്.

പാശ്ചാത്യ ശക്തികൾ ഇസ്ലാമിക രാഷ്ട്രങ്ങളിൽ കുഴപ്പങ്ങൾ ഉണ്ടാക്കുകയും പിന്നീട് പതിയെ അതിന് ആക്കംകൂട്ടുകയും അവയെ

ഒന്നിന് പുറകെ ഒന്നായി മറ്റ് രാജ്യങ്ങളിലേക്ക് വ്യാപിപ്പിക്കുകയും ചെയ്തു. ദജ്ജാലിന്റെ ശക്തികൾ നമ്മൾ മുസ്ലിങ്ങളെ ലോകത്ത് ഒരിക്കലും ശാന്തിസമാധാനങ്ങളോടെ കഴിയുന്നത് കാണാൻ ആഗ്രഹിക്കുന്നില്ല എന്നത് നാം എപ്പോഴും ഓർക്കണം. മുസ്ലിം ലോകത്ത് എപ്പോഴും കുഴപ്പങ്ങൾ ഉണ്ടാക്കുക എന്നതാണ് അവരുടെ യഥാർത്ഥ അജണ്ട. അമേരിക്ക എന്തുകൊണ്ടാണ് ഇത്രയധികം മുസ്ലിം രാജ്യങ്ങളിൽ സൈനികതാവളങ്ങൾ സ്ഥാപിച്ചിരിക്കുന്നത്?

ആരുടെസംരക്ഷണത്തിന് വേണ്ടിയാണത്? ശരിക്കും അറബ് രാജ്യങ്ങൾക്ക് ആരാണ് ഭീഷണിയായിട്ടുള്ളത്? ഈ ശക്തികൾ തന്നെ ഭീഷണികൾ സൃഷ്ടിക്കുകയും പിന്നീട് ഈ ഭീഷണി നിങ്ങൾക്കുണ്ടെന്ന് ധരിപ്പിക്കുകയും ചെയ്തു. അതിനാൽ നിങ്ങളുടെ സംരക്ഷണത്തിന് ഈ താവളങ്ങൾ സ്ഥാപിക്കേണ്ടത് അത്യാവശ്യമാണെന്ന് അവർ പറഞ്ഞു.

ഇറാൻ എപ്പോഴും ഇവരുടെ കണ്ണിലെ കരടായിരുന്നു. വിശ്വാസപരമായ വ്യത്യാസങ്ങൾ കാരണം ചില മുസ്ലിം രാജ്യങ്ങളും ഇറാന് എതിരായിരുന്നു. ഈ ശക്തികൾ അത് മുതലെടുത്തു. അങ്ങനെ ഇസ്രായേലിന്റെ സുരക്ഷ ഉറപ്പാക്കാനും ഇറാനെ ഭയപ്പെടുത്താനും തങ്ങളുടെ സാന്നിധ്യം അവിടെ നിലനിർത്താനും അവർക്ക് സാധിച്ചു. ഈ താവളങ്ങൾ കാരണം അറബ് രാജ്യങ്ങൾക്കുമേലും ആക്രമണത്തിന് സാധ്യതയുണ്ടെന്ന് ഇപ്പോൾ വ്യക്തമാണ്. അവരുടെ സമ്പദ്‌വ്യവസ്ഥയും നശിച്ചു. ഈ സാഹചര്യത്തിന്റെ ലാഭവും ഈ ശക്തികൾക്ക് തന്നെയാണ് ലഭിച്ചിട്ടുള്ളത്, ഭാവിയിലും ലഭിക്കും.ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽ റാബിഅ്(റ) ഇറാഖ് യുദ്ധസമയത്ത് ഈ കുഴപ്പം ഇനി ലോകത്ത് വ്യാപിക്കുമെന്ന് മുന്നറിയിപ്പ് നല്കിയിരുന്നു. മുസ്ലിം ലോകം ഈ കാര്യം മനസ്സിലാക്കിയിരുന്നെങ്കിൽ എന്ന് ഞാൻ ആശിക്കുന്നു.

ഈ അതിക്രമം നാൾക്കുനാൾ വർദ്ധിച്ചുവരുകയാണ്. ഒരു വലിയ തോതിലുള്ള യുദ്ധം അരങ്ങേറുമെന്ന് ഇതിൽ നിന്ന് മനസ്സിലാക്കാം. ചില പാശ്ചാത്യ വിശകലന വിദഗ്ധരുടെ അഭിപ്രായത്തിൽ ലോകമഹായുദ്ധം ആരംഭിച്ചു കഴിഞ്ഞു, ഞാനും ഇതേ കാര്യം തന്നെയാണ് പറയുന്നത്, ആരംഭിച്ചു കഴിഞ്ഞു. എന്നാൽ ഇപ്പോഴും മുസ്ലിം ലോകം വിവേകത്തോടെ പ്രവർത്തിക്കുകയും ജാഗ്രതപ്പെടുകയും ഒറ്റക്കെട്ടാകുകയും ചെയ്താൽ, അവർക്ക് ദജ്ജാലിന്റെ കുഴപ്പങ്ങളിൽ നിന്ന് രക്ഷപ്പെടാൻ സാധിക്കും.

ദീർഘകാലമായി ഞാൻ ആളുകളെ ഇതിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നുണ്ട്. മുമ്പ് പലരും ഞാൻ പറയുന്നത് കേട്ട് ലോകത്ത് ഇത്ര ഭീകരമായ ഒരു യുദ്ധം ഉണ്ടാകുമെന്നും പറഞ്ഞ് താങ്കൾ വളരെ നിരാശയുളവാക്കുന്ന കാര്യം പറയുന്നുവെന്നും നെഗറ്റീവ് ചിന്താഗതി വച്ചുപുലർത്തുന്നെന്നും പറഞ്ഞിരുന്നവർ പറയുന്നത് കുറച്ച് വർഷങ്ങൾക്ക് മുമ്പ് അസാധ്യമെന്ന് കരുതിയിരുന്ന കാര്യങ്ങൾ ഇന്ന് സാധ്യമായിരിക്കുകയാണ്, യുദ്ധങ്ങൾ ആരംഭിച്ചു കഴിഞ്ഞു എന്നൊക്കെയാണ്. മിഡിൽ ഈസ്റ്റിൽ ഇപ്പോൾ നടക്കുന്ന യുദ്ധം അമേരിക്ക ഇറാനെ ആക്രമിക്കുന്നതിലൂടെയാണ് തുടങ്ങിയതെന്ന് പറയാം. എന്നാൽ അറബ് രാജ്യങ്ങളിലുള്ള അമേരിക്കൻ താവളങ്ങൾ ആക്രമിക്കുമെന്ന് ഇറാൻ വ്യക്തമാക്കിയിരുന്നു.

ഈ ഭരണകൂടത്തെ ഇല്ലാതാക്കിയാൽ ഇറാനികൾക്ക് സ്വാതന്ത്ര്യം ലഭിക്കുമെന്ന് പാശ്ചാത്യ ശക്തികൾ കരുതിയിരുന്നു. എന്നാൽ എന്തുണ്ടായി? ഇറാന് എതിരായിരുന്നവർ പോലും ഇപ്പോൾ അവർക്ക് അനുകൂലമായി മാറി. അവരുടെ നേതാവായ ഖാംനഈ സാഹിബിന് രക്തസാക്ഷിത്വം ലഭിച്ചു, അദ്ദേഹത്തിന്റെ ഈ പദവി കാരണം ജനങ്ങൾക്കിടയിൽ അദ്ദേഹത്തോടുള്ള ബഹുമാനം വർദ്ധിച്ചു. അദ്ദേഹത്തിന്റെ മക്കളെയും കൊന്നു. കുടുംബത്തെ മുഴുവൻ ഇല്ലാതാക്കി. ഈ അക്രമം വഴി ഭരണമാറ്റം ഉണ്ടാകുമെന്ന് കരുതിയെങ്കിലും അവർക്ക് ലഭിച്ച ബഹുമാനവും ആദരവും വർദ്ധിക്കുകയാണുണ്ടായത്.

മിഡിൽ ഈസ്റ്റിലെ അറബ് രാജ്യങ്ങൾക്ക് പ്രതിരോധ ശേഷിയോ സ്വന്തമായി വ്യവസായങ്ങളോ ഇല്ല. അവർ പൂർണമായും പാശ്ചാത്യ രാജ്യങ്ങളെയും പാശ്ചാത്യ ശക്തികളെയുമാണ് ആശ്രയിക്കുന്നത്. ഇപ്പോൾ ഈ യുദ്ധം ഭയാനകമായ ഒരു രൂപം കൈക്കൊണ്ടിരിക്കുകയാണ്.

അറബ് രാജ്യങ്ങളിൽ ഒരു വശത്ത് അവരുടെ എണ്ണക്കിണറുകൾ അടച്ചുപൂട്ടുന്നു, വില ക്കയറ്റം വർദ്ധിക്കുന്നു, മറുവശത്ത് ഈ വലിയ സാമ്പത്തിക ഭാരം കൂടി അവർ വഹിക്കേണ്ടി വരുന്നു.

അമേരിക്കയുടെ നിലവിലെ പ്രസിഡന്റ് പഴയ ഗവൺമെന്റുകളുടെ നയങ്ങൾ തന്നെയാണ് നടപ്പിലാക്കുന്നത്. ഇത് ഇന്നത്തെ ഗവൺമെ ന്റിന്റെ മാത്രം നയമല്ല, മറിച്ച് പണ്ടുമുതലേ ഉള്ളതാണ്. യഥേഷ്ടം ലോകത്തിലെവിടെ യുമുള്ള വിഭവങ്ങളിൽ തങ്ങളുടെ കുത്തക സ്ഥാപിക്കുക എന്നതാണ് അവരുടെ സ്ഥാപിത ലക്ഷ്യം. ഇതിനായി അവർ ഏതെങ്കിലും കാരണ ങ്ങൾ മെനയുന്നു. ഈ യുദ്ധത്തിൽ ചേരാത്ത വർക്ക് മേൽ വിലക്കുകളും സാമ്പത്തിക ഉപ രോധങ്ങളും ഏർപ്പെടുത്തുമെന്ന് ഭീഷണി മുഴക്കുന്നു.

കഴിഞ്ഞ ദിവസം യൂറോപ്യൻ പാർലമെന്റി ലെ സ്പാനിഷായ ഒരു വനിതാ അംഗം പറ ഞ്ഞത്, അമേരിക്കയുടെ ഒരു യുദ്ധത്തിലൂ ടെയും സ്ത്രീകൾക്ക് സ്വാതന്ത്ര്യം ലഭിച്ചില്ല എന്നാണ്. അവർ സ്ത്രീ ആയതുകൊണ്ട് സ് ത്രീപക്ഷത്തിനായി ശബ്ദമുയർത്തി. ഇറാനിയൻ സ്ത്രീകളുടെ സ്വാതന്ത്ര്യത്തിന് വേണ്ടിയാണ് ഞങ്ങൾ പോരാടുന്നത് എന്ന് അമേരിക്കക്കാർ പറയുന്നത് പച്ച കള്ളമാണ്. അതിലൂടെ ഒരി ക്കലും ഇറാനിയൻ സ്ത്രീകൾക്ക് സ്വാതന്ത്ര്യം ലഭിക്കില്ല. അമേരിക്ക ഇതുവരെ ഒരു യുദ്ധവും സ്ത്രീ സ്വാതന്ത്ര്യത്തിനുവേണ്ടി ചെയ്തിട്ടില്ല. അത്തരം പ്രവർത്തനങ്ങളിൽ വിജയിച്ചിട്ടുമില്ല. നൂറുകണക്കിന് കുട്ടികളെ വധിച്ചു, നൂറുക ണക്കിന് നിഷ്കളങ്കരെ കൊന്നൊടുക്കി. ഇവിടെ ഒരു സ്കൂളിന് നേരെ ബോംബാക്രമണം നടത്തി നൂറുകണക്കിന് കുട്ടികളെ കൊന്നൊടുക്കിയിട്ടും ആരും ഒന്നും മിണ്ടുന്നില്ല.

തൗഹീദ് സ്ഥാപിക്കുന്നതിനായാണ് ഇസ്ലാം വന്നത്, അതിനായി ശ്രമിക്കേണ്ടതുണ്ട്. വലിയ ശക്തികളെ തങ്ങളുടെ ദൈവമായി കരുതരുത്, കാരണം എന്നെന്നും നിലനിൽക്കുന്ന ശക്തി അല്ലാഹുവിന്റെ മാത്രമാണ്. ഈ വലിയ ശക്തിക ളെയാണ് സർവസ്വവുമായി കരുതുന്നതെങ്കിൽ ഇവർ ഓരോന്നായി എല്ലാ ഇസ്ലാമിക രാജ്യ ങ്ങളിലും അധികാരം സ്ഥാപിക്കുകയും നില വിലുള്ള ബാഹ്യമായ ഈ ഭരണകൂടങ്ങളും ഇല്ലാതാകുകയും ചെയ്യും.

ഖുർആനിൽ അല്ലാഹു മുസ്ലീങ്ങൾക്ക് മാർ ഗനിർദേശം നല്കിക്കൊണ്ട് ഇപ്രകാരം നിർദേ ശിക്കുന്നു: വിശ്വാസികളിൽപ്പെട്ടരണ്ട് വിഭാഗ ങ്ങൾ പരസ്പരം പോരടിക്കുകയാണെങ്കിൽ അവർക്കിടയിൽ സമാധാനം ഉണ്ടാക്കുക. അക്രമം കാണിക്കുന്ന വിഭാഗം അല്ലാഹുവിന്റെ കല്പനയിലേക്ക് മടങ്ങുന്നതുവരെ അവർ ക്കെതിരെ പോരാടുക. അവർ മടങ്ങി വരുകയാ ണെങ്കിൽ നീതിയോടെ അവർക്കിടയിൽ സമാധാനം സ്ഥാപിക്കുക, അല്ലാഹു നീതി പാലിക്കുന്നവരെ ഇഷ്ടപ്പെടുന്നു.അതുകൊണ്ട് ഈ മാതൃകയും ഈ ആശയവുമാണ് ലോക സമാധാനത്തിന് വളരെ അത്യാവശ്യമാ യിട്ടുള്ളത്. എന്നാൽ മുസ്ലിം ലോകം ഇത് പ്രത്യേകിച്ച് പ്രാവർത്തികമാക്കേണ്ടതുണ്ട്, കാരണം അല്ലാഹു തആലാ ഖുർആനിൽ അവർക്ക് ഇതിനായി വ്യക്തമായ മാർഗനിർ ദേശം നല്കിയിട്ടുണ്ട്. സന്ധിയുണ്ടാക്കുമ്പോൾ സ്വന്തം താത്പര്യങ്ങൾ മുൻനിർത്താതെ യഥാർത്ഥ പ്രശ്നത്തിന്റെ അടിസ്ഥാനത്തിൽ തീരുമാനമെടുക്കണം എന്നത് വ്യക്തമായിരി ക്കണം.

ചൈനയും മറ്റ് ചില രാജ്യങ്ങളും സമാധാനത്തി നായി തങ്ങളുടെ പങ്കുവഹിക്കാൻ സന്നദ്ധത പ്രകടിപ്പിച്ചിട്ടുണ്ട്. മുസ്ലിം ലോകം ഇത് മനസ്സിലാ ക്കിയിരുന്നെങ്കിൽ എന്ന് ഞാൻ ആഗ്രഹിക്കുന്നു, അല്ലാഹു അവർക്ക് അതിനുള്ള ബുദ്ധി നല്കട്ടെ. ഏതായാലും നമ്മുടെ കടമ മുസ്ലിം ലോക ത്തിനും അവിടുത്തെ നിഷ്കളങ്കരായ ജനങ്ങ ൾക്കും വേണ്ടി പ്രത്യേകം പ്രാർഥിക്കുക എന്ന താണ്. റമദാൻ മാസത്തിൽ സ്വന്തം വ്യക്തിപ രമായ ആവശ്യങ്ങൾക്കായി മാത്രം പ്രാർത്ഥി ക്കാതെ മുസ്ലിം ഉമ്മത്തിന് വേണ്ടിയും പ്രാർഥി ക്കുക. ലോകത്തും പ്രത്യേകിച്ച് മുസ്ലിം ലോകത്തും സമാധാനം സ്ഥാപിക്കപ്പെടാനും മുസ്ലിം മുസ്ലിമിന്റെ കഴുത്തറുക്കാതിരിക്കാനും അല്ലാഹു അവർക്ക് വിവേകം നല്കട്ടെ. പരസ്പ രം പോരടിക്കുകയും തെറ്റായ രീതിയിൽ ഒരൊറ്റ ഉമ്മത്തിനെ കൊന്നൊടുക്കുകയും ചെയ്യുന്ന ഈ ആളുകൾ അല്ലാഹുവിന്റെ കോപത്തിന് പാത്രമാകുകയാണ്. ഇങ്ങനെയുള്ളവർ ഈ

ലോകത്ത് മാത്രമല്ല, പരലോകത്തും നഷ്ടം അനുഭവിക്കുന്നവരായിരിക്കും. അതുകൊണ്ട് ഇക്കാര്യത്തിൽ പ്രത്യേക ശ്രദ്ധ ആവശ്യമാണ്, അതിനായി നമുക്ക് പ്രാർത്ഥനകൾ അനിവാര്യമാണ്. അല്ലാഹു നമുക്ക് യഥാർത്ഥ രീതിയിൽ പ്രാർത്ഥിക്കാനുള്ള തൗഫീഖ് നല്കി അനുഗ്രഹിക്കട്ടെ.

ഇന്ന് ഞാൻ ചില ജനാസ നമസ്കാരങ്ങളും (അസാന്നിധ്യത്തിൽ) നിർവഹിക്കും. അവരുടെ ചില കാര്യങ്ങൾ പരാമർശിക്കുകയും ചെയ്യാം. ആദ്യ പരാമർശം ബഹുമാനപ്പെട്ട സാഹിബ് സാദി അമത്തുൽ ജമീൽ സാഹിബയുടേതാണ്. അവർ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി (റ) വിന്റെ കനിഷ്ഠ പുത്രിയായിരുന്നു. ഏകദേശം തൊണ്ണൂറ്റിനാല് വയസ്സിലാണ് അവർ മരണപ്പെട്ടത്. ഇന്നാലില്ലാഹി വ ഇന്നാ ഇലൈഹി റാജിഊൻ. അവർ മർഹൂം നാസർ മുഹമ്മദ് സിയാൽ സാഹിബിന്റെ പത്നിയായിരുന്നു. ഉമ്മെ താഹിർ എന്നറിയപ്പെടുന്ന ഹദ്റത്ത് സയ്യിദ മറിയം ബീഗം സാഹിബയുടെ ഏറ്റവും ചെറിയ മകളായിരുന്നു അവർ. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് (റ) അവരുടെ നിക്കാഹ് 1955-ൽ നിർവഹിച്ചു. അവർക്ക് നാല് മക്കളുണ്ട്. അവർ പാവങ്ങളെ സഹായിക്കുന്നവരും മറ്റുള്ളവരുടെ ആവശ്യങ്ങൾ നിറവേറ്റാൻ ശ്രമിക്കുന്നവരും ആയിരുന്നു. അതുപോലെ ചന്ദകൾ നല്കുന്ന കാര്യത്തിൽ അവർ വലിയ കൃത്യനിഷ്ഠയുള്ളവരായിരുന്നു. അല്ലാഹു അവർക്ക് പാപപ്പൊറുതിയും കരുണയും നല്കുമാറാകട്ടെ.

രണ്ടാമത്തെ ജനാസ അനുസ്മരണം ഹോളണ്ടിലെ ഡോക്ടർ റശീദ് അഹ്മദ് ഖാൻ സാഹിബിന്റേതാണ്. അദ്ദേഹം നിസാമുദ്ദീൻ സാഹിബിന്റെ മകനായിരുന്നു. കഴിഞ്ഞ ദിവസങ്ങളിൽ 91-ാം വയസ്സിൽ അദ്ദേഹം വഫാത്തായി. ഇന്നാ ലില്ലാഹി വ ഇന്നാ ഇലൈഹി റാജിഊൻ. അദ്ദേഹത്തിന് നാല് ആൺമക്കളും നാല് പെൺമക്കളുമുണ്ട്. ഉദാത്ത സ്വഭാവമുള്ളയാളും പ്രകൃത്യാ ശാന്തനും എല്ലാവരോടും ഇടപഴകുന്നവനും ദൈവഭയമുള്ളവനുമായിരുന്നു. കുടുംബബന്ധങ്ങൾ പുലർത്തുന്നതിൽ ശ്രദ്ധാലുവായിരുന്ന അദ്ദേഹം മറ്റുള്ളവരെ സഹായിക്കാൻ സ്വയം കഷ്ടപ്പാടുകൾ സഹിക്കുമായിരുന്നു. ഭയമില്ലാത്തവനും ധീരനുമായിരുന്ന അദ്ദേഹം ഖിലാഫത്തിന്റെ വലിയ പ്രേമിയായിരുന്നു. ഏത് ത്യാഗത്തിനും എപ്പോഴും തയ്യാറുള്ള വ്യക്തിയായിരുന്നു അദ്ദേഹം. തബ്ലീഗ് പ്രവർത്തനങ്ങളിൽ അതീവതത്പരനായിരുന്നു. അല്ലാഹു അദ്ദേഹത്തിനുമേൽ മഗ്ഫിറത്തും കരുണയും ചൊരിയുമാറാകട്ടെ, അദ്ദേഹത്തിന്റെ പദവികൾ ഉയർത്തട്ടെ, അദ്ദേഹത്തിന്റെ മക്കൾക്കും നന്മകളിൽ നിലകൊള്ളാൻ തൗഫീഖ് നല്കട്ടെ.

മൂന്നാമത്തെ അനുസ്മരണം സൈനബ് ബീബി സാഹിബയുടേതാണ്. ഇവർ ചക് 275 കർതാർപൂരിലെ മുൻ ജമാഅത്ത് പ്രസിഡന്റും മസ്ജിദ് ഇമാമുമായിരുന്ന പരേതനായ ബശീർ അഹ്മദ് സാഹിബിന്റെ പത്നിയായിരുന്നു. കഴിഞ്ഞ ദിവസം 85-ാം വയസ്സിൽ അവർ വഫാത്തായി. ഇന്നാ ലില്ലാഹി വ ഇന്നാ ഇലൈഹി റാജിഊൻ. അല്ലാഹുവിന്റെ അനുഗ്രഹത്താൽ അവർ മൂസിയ ആയിരുന്നു. പ്രാർത്ഥനാശീലയും തഹജ്ജുദ് നിർവ്വഹിക്കുന്നവരും നമസ്കാരങ്ങളിൽ കൃത്യനിഷ്ഠയുള്ളവരുമായിരുന്നു അവർ. ദിവസവും ഖുർആൻ പാരായണം ചെയ്യുന്നവരുമായിരുന്നു അവർ. അല്ലാഹു അവർക്ക് ക്ഷമയും സമാധാനവും നല്കട്ടെ, പരേതയ്ക്കുമേൽ മഗ്ഫിറത്തും കരുണയും ചൊരിയുമാറാകട്ടെ.

اَلْحَمْدُ لِلّٰہِ نَحْمَدُہٗ وَ نَسْتَعِیْنُہٗ وَ نَسْتَغْفِرُہٗ وَنُؤْمِنُ
بِہٖ وَ نَتَوَکَّلُ عَلَیْہِ وَ نَعُوْذُ بِاللّٰہِ مِنْ شُرُوْرِ اَنْفُسِنَا وَ
مِنْ سَیِّئَاتِ اَعْمَالِنَا مَنْ یَّھْدِہِ اللّٰہُ فَلَا مُضِلَّ لَہٗ وَمَنْ
یُّضْلِلْہُ فَلَا ھَادِیَ لَہٗ۔ وَنَشْھَدُ اَنْ لَّآ اِلٰہَ اِلَّا اللّٰہُ وَنَشْھَدُ اَنَّ
مُحَمَّدًا عَبْدُہٗ وَ رَسُوْلُہٗ۔ عِبَادَ اللّٰہِ رَحِمَکُمُ اللّٰہُ اِنَّ اللّٰہَ یَاْمُرُ
بِالْعَدْلِ وَ الْاِحْسَانِ وَ اِیْتَاءِ ذِی الْقُرْبٰی وَ یَنْھٰی عَنِ الْفَحْشَاءِ
وَ الْمُنْکَرِ وَ الْبَغْیِ یَعِظُکُمْ لَعَلَّکُمْ تَذَکَّرُوْنَ اُذْکُرُوا اللّٰہَ
یَذْکُرْکُمْ وَادْعُوْہُ یَسْتَجِبْ لَکُمْ وَلَذِکْرُ اللّٰہِ اَکْبَرُ۔

**FRIDAY SERMON SUMMARY** DELIVERED BY**HAZRAT KHALIFATUL MASIH V(ATBA)**
ISLAMABAD UK ON 06.03.2026
SUMMARIZED BY MAJLIS ANSARULLAH BHARAT
MALAYALAM TRANSLATION BY AMNAS PK
FOR MALAYALAM DESK, QADIAN
PUBLISHED BY NAZARAT NASHR-O-ISHAAT,
SADR ANJUMAN AHMADIYYA QADIAN 143516